**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2359** **21-06-2024 - ൽ മറുപടിയ്ക്ക്**

**ത്രിതല പഞ്ചായത്തീരാജ് -നഗരപാലികാസ്ഥാപനങ്ങളിലെ ജീവനക്കാരുടെ പെൻഷൻ റൂൾസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | തദ്ദേശ സ്വയംഭരണ വകുപ്പ് ഏകീകരണത്തിന് ശേഷം ജീവനക്കാരുടെ പെൻഷൻ സാങ്ഷനിംഗ് അതോറിറ്റി ആരാണ്; | (എ) | തദ്ദേശ സ്വയംഭരണ വകുപ്പ് ഏകീകരണത്തിന് ശേഷം ജീവനക്കാരുടെ പെൻഷൻ ഏകീകരണം പൂർത്തിയായിട്ടില്ല. ആയതിനാൽ ഏകീകരണത്തിന് മുമ്പ് എപ്രകാരമാണോ അഞ്ച് മുൻ വകുപ്പുകളിലെയും പെൻഷൻ വിതരണം നടന്നിട്ടുള്ളത് അതേ രീതിയാണ് ഇപ്പോഴും തുടർന്നു വരുന്നത്. ആയത് പ്രകാരം ഓരോ വകുപ്പുകളിലേയും പെൻഷൻ സാങ്ഷനിംഗ് അതോറിറ്റിയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br>1. ഗ്രാമവികസനം - ഗ്രാമവികസന കമ്മീഷണർ<br>2. പഞ്ചായത്ത് വകുപ്പ് - പഞ്ചായത്ത് ഡയറക്ടർ<br>3. എഞ്ചിനീയറിംഗ് വിഭാഗം - ചീഫ് എഞ്ചിനീയർ<br>4. ടൗൺ പ്ലാനിംഗ് വിഭാഗം - ചീഫ് ടൗൺ പ്ലാനർ<br>5. നഗര വികസനം - നഗരകാര്യ ഡയറക്ടർ |
| (ബി) | പ്രസ്തുത ഏകീകരണത്തെ തുടർന്ന് നഗരസഭകളിൽനിന്നും, കൂട്ടി ചേർത്ത മറ്റ് വകുപ്പുകളിലേക്കും, തിരിച്ചും സ്ഥലംമാറ്റം ലഭിച്ച ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ എപ്രകാരം തയ്യാറാക്കി ആർക്കാണ് അംഗീകാരത്തിനായി ലഭ്യമാക്കേണ്ടതെന്ന് അറിയിക്കാമോ; | (ബി) | തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഏകീകരണത്തിന് മുമ്പ് എപ്രകാരമാണോ അഞ്ച് മുൻ വകുപ്പുകളിലെയും പെൻഷൻ വിതരണം നടന്നിട്ടുള്ളത് അതേ രീതിയിലാണ് ഇപ്പോഴും തുടർന്നു വരുന്നത്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഏകീകരണത്തെ തുടർന്ന് മുനിസിപ്പൽ കോമൺ സർവ്വീസിലെ |

| | | | |
|---|---|---|---|
| | | | ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ എപ്രകാരം നൽകണമെന്ന വിഷയത്തിൽ സർക്കാർ നയപരമായ തീരുമാനം എടുക്കുന്നതുവരെ താഴെ പറയുന്ന ക്രമീകരണം നടത്തുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>a) തദ്ദേശ സ്വയംഭരണ പൊതുസർവ്വീസിൽ നിന്നും വിരമിക്കുന്ന ജീവനക്കാരന്റെ വിരമിക്കൽ ആനുകൂല്യങ്ങൾ തദ്ദേശ സ്വയംഭരണ പൊതുസർവ്വീസ് രൂപീകൃതമാകുന്നതിനു മുമ്പ് ജീവനക്കാരൻ ജോലി നിർവ്വഹിച്ചിരുന്ന സർവ്വീസിൽ നിന്നും അനുവദിക്കേണ്ടതാണ്.<br><br>(b) തദ്ദേശ സ്വയംഭരണ പൊതുസർവ്വീസ് രൂപീകൃതമാകുന്നതിനു മുമ്പ് മുനിസിപ്പൽ കോമൺ സർവ്വീസിൽ അംഗമായിരുന്ന ജീവനക്കാരൻ പൊതു സർവ്വീസിലെ മറ്റേതെങ്കിലും സർവ്വീസിൽ ജോലി ചെയ്താൽ അവിടെ നിന്നും 15% തുക പെൻഷൻ കോൺട്രിബ്യൂഷനായി വാങ്ങി മുനിസിപ്പൽ സെൻട്രൽ പെൻഷൻ ഫണ്ടിൽ അടയ്ക്കേണ്ടതാണ്. പ്രസ്തുത നടപടിക്രമം പൂർത്തിയായ ശേഷം മുനിസിപ്പൽ സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും ഇവർക്ക് പെൻഷൻ അനുവദിക്കാവുന്നതാണെന്നും ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പിൽ മറ്റ് ഓഫീസുകളിൽ സേവനമനുഷ്ഠിക്കുന്ന മുനിസിപ്പൽ കോമൺ സർവ്വീസ് ജീവനക്കാരുടെ NPS വിഹിതം അവർ ജോലി ചെയ്യുന്ന സ്ഥാപനത്തിൽ നിന്നുതന്നെ PRAN account ൽ ഒടുക്കേണ്ടതുമാണ്.<br><br>(c) തദ്ദേശ സ്വയംഭരണ പൊതുസർവ്വീസ് രൂപീകൃതമാകുന്നതിനു മുമ്പ് പഞ്ചായത്ത് വകുപ്പിൽ ജോലി ചെയ്തിരുന്ന ജീവനക്കാർ മുനിസിപ്പാലിറ്റികൾ/കോർപ്പറേഷനുകളിൽ ജോലി ചെയ്യുമ്പോൾ അതത് സ്ഥാപനത്തിൽ നിന്നും 15% പെൻഷൻ കോൺട്രിബ്യൂഷൻ വാങ്ങി 0071-01-101-97 എന്ന ശീർഷകത്തിൽ ഒടുക്കേണ്ടതാണ്. |
| (സി) | ഇത്തരത്തിൽ വിരമിച്ച മുൻ നഗരസഭ ജീവനക്കാരായിരുന്നവരുടെ പെൻഷൻ ആനുകൂല്യങ്ങൾ കേരള മുനിസിപ്പാലിറ്റി | (സി) | മുനിസിപ്പൽ കോമൺ സർവ്വീസിൽ നിന്നും വിരമിക്കുന്ന ജീവനക്കാരുടെ പെൻഷൻ സാങ്ഷൻ ചെയ്യുന്നത് സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നാണ്. |

| | | | |
|---|---|---|---|
| | ഡി.സി.ആർ.ജി. റൂൾസ് 1996 പ്രകാരം സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നാണോ സർക്കാരിന്റെ പൊതുവരുമാനത്തിൽ നിന്നാണോ അനുവദിക്കേണ്ടതെന്ന് വ്യക്തമാക്കാമോ; | | |
| (ഡി) | പ്രസ്തുത ഏകീകരണത്തെ തുടർന്ന് ത്രിതല പഞ്ചായത്തീരാജ് സ്ഥാപനങ്ങളിലെ ജീവനക്കാരുടെയും നഗരപാലികാ സ്ഥാപനങ്ങളിലെ ജീവനക്കാരുടെയും പെൻഷൻ റൂൾസ് ഏകീകരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; | (ഡി) | ഇല്ല |
| (ഇ) | ഇല്ലെങ്കിൽ ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിച്ച് 2024 മെയ് 31 ന് സർവീസിൽ നിന്നും വിരമിച്ചവർക്ക് കാലതാമസം വരുത്താതെ പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കുമോ? | (ഇ) | കാലതാമസം വരുത്താതെ പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിലേയ്ക്കായി തദ്ദേശ സ്വയംഭരണ പൊതുസർവ്വീസിൽ നിന്നും വിരമിക്കുന്ന ജീവനക്കാരന്റെ വിരമിക്കൽ ആനുകൂല്യങ്ങൾ തദ്ദേശ സ്വയംഭരണ പൊതുസർവ്വീസ് രൂപീകൃതമാകുന്നതിനു മുമ്പ് ജീവനക്കാരൻ ജോലി നിർവ്വഹിച്ചിരുന്ന സർവ്വീസിൽ നിന്നും അനുവദിക്കേണ്ടതാണ് എന്നും തദ്ദേശ സ്വയംഭരണ പൊതുസർവ്വീസ് രൂപീകൃതമാകുന്നതിനു മുമ്പ് മുനിസിപ്പൽ കോമൺ സർവ്വീസിൽ അംഗമായിരുന്ന ജീവനക്കാരൻ പൊതു സർവ്വീസിലെ മറ്റേതെങ്കിലും സർവ്വീസിൽ ജോലി ചെയ്താൽ അവിടെ നിന്നും 15% തുക പെൻഷൻ കോൺട്രിബ്യൂഷനായി വാങ്ങി മുനിസിപ്പൽ സെൻട്രൽ പെൻഷൻ ഫണ്ടിൽ അടയ്ക്കേണ്ടതാണ് എന്നും പ്രസ്തുത നടപടിക്രമം പൂർത്തിയായ ശേഷം മുനിസിപ്പൽ സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും ഇവർക്ക് പെൻഷൻ അനുവദിക്കാവുന്നതാണെന്നും തദ്ദേശ സ്വയംഭരണ പൊതുസർവ്വീസ് രൂപീകൃതമാകുന്നതിനു മുമ്പ് പഞ്ചായത്ത് വകുപ്പിൽ ജോലി ചെയ്തിരുന്ന ജീവനക്കാർ മുനിസിപ്പാലിറ്റികൾ/കോർപ്പറേഷനുകളിൽ ജോലി ചെയ്യുമ്പോൾ അതത് സ്ഥാപനത്തിൽ നിന്നും 15% പെൻഷൻ കോൺട്രിബ്യൂഷൻ വാങ്ങി 0071-01-101-97 എന്ന ശീർഷകത്തിൽ ഒടുക്കേണ്ടതാണ് എന്നും പ്രിൻസിപ്പൽ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ